I ഇ.ബി. XIII-കേരള നിയമസഭ/XIV-10

## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 13, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## അടിയന്തരപ്രമേയം

### കസ്റ്റഡി മരണം

മി.സ്പീക്കർ: കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി സ്വദേശിയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ചുമട്ടുതൊഴിലാളിയുമായ പി.വി. സിബി എന്ന യുവാവിനെ പോലീസ് കസ്റ്റഡിയിലെടുത്ത് ക്രൂരമായി മർദ്ദിക്കുകയും പിറ്റേദിവസം അബോധാവസ്ഥയിൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും കഴിഞ്ഞ ശനിയാഴ്ച മരണപ്പെടുകയും ചെയ്തതുമൂലം ഉളവായിട്ടുള്ള

സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. രാധാകൃഷ്ണൻ, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 29-6-2015-ന് രാത്രി കോട്ടയം മരങ്ങാട്ടുപള്ളി സ്റ്റേഷനിലെ എസ്.ഐ.-യും പാർട്ടിയും പട്രോളിംഗ് നടത്തുന്നതിനിടെ ഗവൺമെന്റ് ആശുപത്രി പരിസരത്തുവച്ച് അമിതമായി മദ്യപിച്ച നിലയിൽ കാണപ്പെട്ട സിബിയെ കസ്റ്റഡിയിലെടുത്ത് രാത്രിയിൽ പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുകയും പിറ്റേദിവസം രാവിലെ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെത്തുടർന്ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചികിത്സയിലിരിക്കെ 11.07.2015-ന് മരണപ്പെടുകയും ചെയ്തു. സിബിയുടെ പേരിൽ അബ്കാരി ആക്ട് പ്രകാരം ഒരു കേസും അടിപിടി സംഭവത്തിൽ രണ്ടുകേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒരു കേസിലെ പരാതിക്കാരനായ അമൽ എന്ന പതിനാറ് വയസുകാരന്റെ 18 വയസ്സുള്ള സഹോദരിയെ വിവാഹം കഴിക്കണമെന്ന സിബിയുടെ ആവശ്യത്തെത്തുടർന്ന് 29.06.2015-ന് രാത്രി 7 മണിയോടെയുണ്ടായ അടിപിടിയെത്തുടർന്ന് അമലിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ സിബിക്കെതിരെയും സിബിയുടെ സുഹൃത്തിന്റെ

മൊഴിയുടെ അടിസ്ഥാനത്തിൽ അമലിനെതിരെയുമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. കസ്റ്റഡിയിലെടുത്ത സിബിയെ വൈദ്യപരിശോധനയ്ക്ക് വിധേയനാക്കുന്നതിൽ വീഴ്ച വരുത്തിയ സബ് ഇൻസ്പെക്ടറെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. പോലീസ് കസ്റ്റഡിയിലിരിക്കെ മരണമടഞ്ഞത് സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കോട്ടയം ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റിന്റെ സാന്നിധ്യത്തിൽ പാലാ ആർ.ഡി.ഒ. തയ്യാറാക്കിയ ഇൻക്വസ്റ്റും കോട്ടയം മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ ടീം നടത്തിയ പോസ്റ്റമോർട്ടവും പൂർണ്ണമായും വീഡിയോയിൽ ചിത്രീകരിച്ചിട്ടുണ്ട്. ഈ കേസിന്റെ കൂടുതൽ അന്വേഷണത്തിനായി ക്രൈംബ്രാഞ്ച് എസ്.പി.യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള മുഴുവൻ വസ്തുതകളും സത്യസന്ധമായും കാര്യക്ഷമമായും അന്വേഷിച്ച് ഉത്തരവാദികളായവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. മോൻസ് ജോസഫും ശ്രീ. കെ. അജിത്തും സബ്മിഷൻ നൽകിയിട്ടുണ്ടെങ്കിലും സ്ഥലം എം.എൽ.എ. എന്ന നിലയിൽ ശ്രീ. മോൻസ് ജോസഫിന് സംസാരിക്കാൻ അവസരം നൽകുന്നതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: പോലീസ് മർദ്ദനത്തെത്തുടർന്ന് മരണപ്പെട്ടയാൾ

ഏതോ കുറ്റവാളിയാണെന്ന് സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നതായാണ് ആഭ്യന്തര വകുപ്പുമന്ത്രിയുടെ മറുപടിയിൽ നിന്ന് മനസ്സിലാകുന്നത്. ഈ ഗവൺമെന്റ് അധികരാത്തിൽ വന്നതിനുശേഷം നിരവധി പേർ പോലീസ് മർദ്ദനത്തിനിരയായി മരണപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ദിവസം മരണപ്പെട്ട മരങ്ങാട്ടുപള്ളി പാറയ്ക്കൽ വീട്ടിൽ സിബി അതിലെ അവസാനത്തെ ഇരയാണ്. ക്രൂരവും മൃഗീയവുമായ ലോക്കപ്പ് മർദ്ദനത്തിനിരയായാണ് സിബി മരണപ്പെട്ടിരിക്കുന്നത്. കഴിഞ്ഞ ജൂൺ 29-ന് പൊതുസ്ഥലത്ത് മദ്യപിച്ചുവെന്ന കാരണം പറഞ്ഞ് കസ്റ്റഡിയിലെടുത്ത സിബിയെ സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുന്ന വഴിക്കും സ്റ്റേഷനിലെത്തിയശേഷവും ക്രൂരമായി മർദ്ദിച്ചു. മകനെ പോലീസ് കസ്റ്റഡിയിലെടുത്ത വിവരം അറിഞ്ഞ് സിബിയുടെ മാതാപിതാക്കൾ രാത്രിതന്നെ പോലിസ് സ്റ്റേഷനിൽ എത്തിയെങ്കിലും സിബിയെ വിട്ടുകൊടുക്കാൻ പോലീസ് തയ്യാറായില്ലെന്ന് മാത്രമല്ല അവരെ അസഭ്യം പറയുകയും മർദ്ദനത്തിനിടെ മലമൂത്രവിസർജ്ജനം നടത്തിയത് അവരെക്കൊണ്ട് വൃത്തിയാക്കിക്കുകയും ഭീഷണിപ്പെടുത്തി പറഞ്ഞയയ്ക്കുകയും ചെയ്തു. രാത്രിമുഴുവൻ മർദ്ദിച്ച് അവശനാക്കി രാവിലെ കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച സിബിയെ തലയ്ക്കേറ്റ മാരകമായ മുറിവിന്റെ ഫലമായി തലച്ചോറിൽ രക്തസ്രാവം കണ്ടെത്തിയതിനെത്തുടർന്ന് ഉടനെതന്നെ ശസ്ത്രക്രിയയ്ക്ക് വിധേയനാക്കിയെങ്കിലും 11 ദിവസത്തിനുശേഷം മരണപ്പെട്ടു. സിബിയെ മർദ്ദിച്ചു എന്നുപറയുന്ന പ്രതിക്കെതിരെ

11 ദിവസം വരെ ഒരു നടപടിയും സ്വീകരിക്കാതെ യഥാർത്ഥ പ്രതികളെ സംരക്ഷിക്കാൻ വേണ്ടി 16 വയസ്സുള്ള ഒരു കുട്ടിയെ പ്രതിയാക്കി ഇപ്പോൾ കേസെടുത്തിരിക്കുകയാണ്. ലോക്കപ്പ് മർദ്ദനത്തിന് എസ്.ഐ.ക്കെതിരെ കേസ് എടുക്കുന്നതിനുപകരം അറസ്റ്റ് ചെയ്ത രീതി ശരിയായില്ല എന്ന് പറഞ്ഞാണ് എസ്.ഐ.യെ സസ്പെന്റ് ചെയ്തിരിക്കുന്നത്. പോലീസ് കംപ്ലയിന്റ് അതോറിറ്റി ചെയർമാൻ ജസ്റ്റീസ് കെ. നാരായണക്കുറുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഈ വിഷയത്തിൽ സ്വമേധയാ കേസെടുത്തിരിക്കുകയാണ്. എസ്.ഐ.ക്കെതിരെ കൊലക്കുറ്റത്തിനും മാതാപിതാക്കളോട് അപരിഷ്കൃതമായ രീതിയിൽ പെരുമാറിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പ്രിവൻഷൻ ഓഫ് എസ്.സി./എസ്.ടി. അട്രോസിറ്റീസ് ആക്ട് പ്രകാരവും കേസെടുക്കുന്നതിനും ഈ കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകാനും മേലിൽ ഇത്തരം സംഭവങ്ങൾ കേരളത്തിൽ ആവർത്തിക്കാതിരിക്കാനും നടപടി സ്വീകരിക്കണം. ഈ വിഷയം ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. മോൻസ് ജോസഫ്: മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷനിൽ പോലീസ് മർദ്ദനത്തെത്തുടർന്ന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാവ് മരിക്കാനിടയായ സംഭവവും കസ്റ്റഡിയിലെടുക്കുന്നതിനുമുമ്പുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതും

സംബന്ധിച്ച് അന്വേഷണം നടത്തണം. സിബിക്ക് യഥാസമയം വൈദ്യപരിശോധന നൽകുന്നതിൽ വീഴ്ച വരുത്തിയ പോലീസ് നിലപാടിനെതിരെയും സ്റ്റേഷനിലെത്തിയ മാതാപിതാക്കളോട് അപരിഷ്കൃതമായി പെരുമാറിയതിലും പ്രതിഷേധിച്ച് മരങ്ങാട്ടുപള്ളി നിവാസികൾ കക്ഷി-രാഷ്ട്രീയ ഭേദമന്യേ നിലപാട് സ്വീകരിച്ചിരിക്കുകയാണ്. ടി വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതോടൊപ്പം സിബിയുടെ കുടുംബത്തിന് നീതിപൂർവ്വമായ സഹായം നൽകുന്നതിനും തയ്യാറാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷനിലുണ്ടായ സംഭവം ഗൗരവത്തോടെ കാണുന്നു. സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പരിഗണന നൽകുന്ന നിലപാട് സ്വീകരിക്കണമെന്ന് പ്രത്യേക സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കഴിഞ്ഞ പന്ത്രണ്ട് ദിവസമായി സിബിയുടെ ആരോഗ്യനിലയെയും വിദഗ്ദ്ധ ചികിത്സ നൽകുന്നതിനെയും സംബന്ധിച്ച് അന്വേഷണം നടത്തുകയും ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. നാഷണൽ ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഒരു വ്യക്തിയെ കസ്റ്റഡിയിലെടുക്കുമ്പോൾ പോലീസ് പാലിക്കേണ്ട മാനദണ്ഡങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന

പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം എസ്.ഐ.യെ സസ്പെന്റ് ചെയ്ത് കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ സംഭവം സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താനും സിബിയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം നൽകാനും തീരുമാനിക്കുകയാണ്. പ്രതിപക്ഷ ഉപനേതാവുമായി ആലോചിച്ച് ഏതുതരത്തിലുള്ള ജുഡീഷ്യൽ അന്വേഷണം വേണമെന്നുള്ളത് തീരുമാനിക്കുന്നതാണ്. പോലീസ് സ്റ്റേഷനിൽ ചെല്ലുന്ന എല്ലാവർക്കും നീതികിട്ടുന്ന കാര്യം സർക്കാർ ഉറപ്പാക്കുന്നതായിരിക്കും. ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം ഇക്കാര്യത്തിൽ ചെയ്യുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): മൂന്ന് മക്കൾ അടങ്ങുന്ന നിർധന കുടുംബത്തിന്റെ ഏക അത്താണിയായിരുന്ന യുവാവിനെ പോലീസ് തല്ലിച്ചതച്ച് കൊന്നതിനെ സംബന്ധിച്ച് ആഭ്യന്തര വകുപ്പുമന്ത്രി വളരെ ലാഘവത്തോടുകൂടിയാണ് സംസാരിച്ചത്. സാധാരണ മനുഷ്യരെ ഈ ഗവൺമെന്റ് വളരെ നിസ്സാരമായാണ് കാണുന്നതെന്നുള്ളത് വ്യക്തമാക്കുന്നതാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ. തികച്ചും മനുഷ്യത്വരഹിതമായ അതിക്രമം കാണിച്ച

പോലീസിന്റെ നടപടിയെ ഗവൺമെന്റ് ന്യായീകരിക്കുകയാണ്. ഈ ഗവൺമെന്റ് പോലീസിന് നിയമവിരുദ്ധ നടപടികൾ ചെയ്യാനുള്ള ലൈസൻസ് നൽകിയിരിക്കുന്നതുകൊണ്ടാണ് കസ്റ്റഡി മരണങ്ങൾ ആവർത്തിക്കുന്നത്. നാട്ടിൽ ക്രമസമാധാനം ഉറപ്പുവരുത്താനായി നിയമത്തിന്റെയും ഭരണഘടനയുടെയും പിൻബലത്തിൽ പ്രവർത്തിക്കേണ്ട പോലീസുതന്നെ നിയമം കയ്യിലെടുക്കുകയാണ് ചെയ്യുന്നത്. സിബിയെ അറസ്റ്റ് ചെയ്യുമ്പോൾ മർദ്ദനമേറ്റിരുന്നുവെന്ന് പറയുന്ന പോലീസ് വൈദ്യപരിശോധനയ്ക്കുപോലും ഹാജരാക്കാതെ 16 വയസ്സുള്ള കുട്ടി 40 വയസ്സുള്ള സിബിയെ മർദ്ദിച്ച് അവശനാക്കിയെന്ന അസംബന്ധ ന്യായം വിളമ്പി പോലീസ് കാട്ടിയ അതിക്രമത്തെ മറച്ചുപിടിക്കാനാണ് ശ്രമിക്കുന്നത്. ഇത് കേരളാ പോലീസിനാകെ അപമാനകരമാണ്. സിബിയെ മർദ്ദിച്ച് കൊലപ്പെടുത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കൊലക്കുറ്റത്തിന് കേസ്സെടുത്ത് അറസ്റ്റ് ചെയ്യുന്നതുവരെ ഞങ്ങൾ സഭയുടെ നടത്തളത്തിലിരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

(കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിൽ വന്നിരുന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ

അടുത്ത ഇനങ്ങളിലേയ്ക്ക് കടന്നു.)

## ശ്രദ്ധക്ഷണിക്കൽ

### (1) മത്സ്യക്ഷാമത്തെക്കുറിച്ച് പഠനം നടത്താൻ കമ്മീഷൻ

ശ്രീ. ടി. എൻ. പ്രതാപൻ: കേരളത്തിലെ കടലിൽ പതിറ്റാണ്ടുകളായി ഉണ്ടാകാത്ത ഏറ്റവും രൂക്ഷമായ മത്സ്യക്ഷാമമാണ് ഇന്ന് അനുഭവപ്പെടുന്നത്. സാധാരണ ലഭിക്കുന്ന ചെറുമത്സ്യങ്ങൾപോലും ലഭിക്കുന്നില്ല. അനിയന്ത്രിതമായ രീതിയിൽ അശാസ്ത്രീയമായ മത്സ്യബന്ധനം നടത്തുന്നതാണ് ഇതിന്റെ പ്രധാനപ്പെട്ട കാരണം. ഇത് പഠിച്ച് പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ഒരു കമ്മീഷനെ നിയോഗിക്കുന്നതിനും കണ്ണി കുറഞ്ഞ വലകളുപയോഗിച്ച് അശാസ്ത്രീയമായി ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്. മത്സ്യക്ഷാമം പരിഹരിക്കുന്നതിനായി രാത്രികാല മത്സ്യബന്ധനം, എഞ്ചിന്റെ കപ്പാസിറ്റി, വള്ളങ്ങളുടെ നീളം/വീതി, ഉപയോഗിക്കുന്ന വലയുടെ നീളം/വീതി, ഓരോ ഹാർബറിലും വരാവുന്ന ബോട്ടുകളുടെ എണ്ണം തുടങ്ങിയവ നിശ്ചയിക്കുന്ന പുതിയ സാഹചര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. കാലാവസ്ഥയിലുണ്ടാകുന്ന

വ്യതിയാനംമൂലം അടിക്കടിയുണ്ടാകുന്ന കടലാക്രമണവും വെള്ളപ്പൊക്കവും പ്രകൃതിദുരന്തമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനായി ഇപ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സഹായം നൽകുന്നുണ്ട്.

(ശ്രീ. ജെയിംസ് മാത്യു സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## സബ്മിഷൻ

(സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, വി. ചെന്താമരാക്ഷൻ, ഇ. കെ. വിജയൻ, കെ. വി. അബ്ദുൾ ഖാദർ, പി. സി. ജോർജ് എന്നീ അംഗങ്ങളെ സബ്മിഷൻ അവതരിപ്പിക്കാനായി ക്ഷണിച്ചെങ്കിലും സീറ്റിൽ ഇല്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

### (1) പെൻഷൻ അനുവദിക്കൽ

ശ്രീ. കെ. മുരളീധരൻ: ത്രിതല പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ മുൻ അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കുന്നതിനും ഇൻഷ്വറൻസ് പ്രീമിയം മൊത്തമായി ഇൻഷ്വറൻസ് കമ്പനികൾക്ക് നൽകുന്നതിനും നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പല മുൻ ജനപ്രതിനിധികളും വാർദ്ധക്യകാലത്ത് മരുന്നുവാങ്ങാൻ പോലും സാമ്പത്തിക ശേഷിയില്ലാതെ കഷ്ടപ്പെടുന്നുണ്ടെന്നും ഇവർക്ക് പെൻഷൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. ഇവർക്ക് പ്രതിമാസം 500 രൂപയെങ്കിലും പെൻഷൻ അനുവദിക്കുന്നതിന് ഭീമമായ തുക ആവശ്യമായിവരും. വിഭവലഭ്യതയുടെ പരിമിതി കാരണം ഇത്രയും വലിയ തുക കണ്ടെത്താൻ സർക്കാരിന് സാധിക്കില്ല. പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ഈ ചെലവ് വഹിക്കണമെന്ന നിർദ്ദേശം ഇപ്പോൾ ക്യാബിനറ്റിന്റെ പരിഗണനയിലുണ്ട്. മുഖ്യമന്ത്രി ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതാണ്. ഇൻഷ്വറൻസ് പ്രീമിയം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും ലഭ്യമാക്കി ഇൻഷ്വറൻസ് കമ്പനികൾക്ക് അടയ്ക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

## (2) ഡോക്ടർമാരുടെ സേവനം ഉറപ്പാക്കൽ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: കാഷ്വാലിറ്റി സൗകര്യമില്ലാത്ത താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഉച്ചയ്ക്കുശേഷം ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്.

ശിവകുമാർ): മുപ്പത്തിയൊന്ന് താലൂക്കാശുപത്രികളിൽ 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പരാമർശിച്ചിരിക്കുന്ന രീതിയിൽ കാഷ്വാലിറ്റി സൗകര്യം ഒരുക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ കാഷ്വാലിറ്റി വിഭാഗം അനുവദിച്ചിട്ടില്ല. ഒ.പി. വിഭാഗത്തിൽ ഉച്ചയ്ക്കുശേഷം ഡോക്ടർമാരുടെ സേവനം സ്ഥിരമായി ലഭ്യമാക്കാൻ കഴിയില്ലെങ്കിലും അടിയന്തര സേവനം ആവശ്യമായ സാഹചര്യങ്ങളിൽ ഉച്ചയ്ക്കുശേഷം ഒ.പി.യിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം നടത്തിവരുന്നുണ്ട്. സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ രാത്രികാലങ്ങളിൽ ഡോക്ടർമാരുടെ സേവനം ഐ.പി. വിഭാഗത്തിൽ മാത്രമേ ലഭ്യമാക്കാൻ വ്യവസ്ഥയുള്ളൂ. മഴക്കാലമായതോടെ പല ജില്ലകളിലും പകർച്ചവ്യാധികൾ വ്യാപകമായ സാഹചര്യത്തിൽ രോഗികൾക്ക് സേവനം നൽകാനായി ആവശ്യമായ സ്ഥലങ്ങളിൽ ഉച്ചകഴിഞ്ഞുള്ള ഒ.പി., ഈവനിംഗ് ഒ.പി., മെഡിക്കൽ ക്യാമ്പുകൾ എന്നിവ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## (3) ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതി

ശ്രീ. ഹൈബി ഈഡൻ: കൊച്ചിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതി വൈകുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം കൊച്ചിയിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവയുടെ ഡി.പി.ആർ.-മായി താരതമ്യപഠനം നടത്തണമെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടിട്ടുണ്ട്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ധനകാര്യ സെക്രട്ടറി ഉൾപ്പെടെയുള്ളവരുടെ യോഗം വിളിച്ചുചേർക്കുന്നതാണ്. വായ്പ ലഭ്യമാക്കാമെന്ന് എറണാകുളം ജില്ലാ സഹകരണ ബാങ്ക് അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അവരുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്.

(ക്രമപ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. കോടിയേരി ബാലകൃഷ്ണനെ ക്ഷണിച്ചെങ്കിലും അദ്ദേഹം സീറ്റിലില്ലായിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല)

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത്

റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന മാറ്റിവച്ചു.)

**ധനകാര്യം**

## 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX – ശുദ്ധജലവിതരണവും ശുചീകരണവും (881,66,63,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം (552,77,79,000 രൂപ)

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII – നഗരവികസനം (626,13,07,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ

ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അടിയന്തരമായി JNNURM പദ്ധതി പൂർത്തിയാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 10.44-ന് പിരിഞ്ഞു.

**********************